# സകാത്ത് -- വ്രതാനുഷ്ഠാനം

## രണ്ട് സംക്ഷിപ്ത സന്ദേശങ്ങൾ

**BY**
**ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്**

വിവർത്തനം
**കോയക്കുട്ടി ഫാറൂഖി**

Published In 2000

**The Cooperative Office For Call & Guidance at Al-Badiah**
Under The Supervision of The Ministry of Islamic Affairs Endowment Guidance & Propagation
Kingdom of Saudi Arabia - P.O. Box 24932 Riyadh 11456 - Tel. 4330888 - Fax. 4301122

# സകാത്ത് -- വ്രതാനുഷ്ഠാനം
## രണ്ട് സംക്ഷിപ്ത സന്ദേശങ്ങൾ


**BY**

**ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്**

വിവർത്തനം

**കോയക്കുട്ടി ഫാറൂഖി**

# ഗ്രന്ഥകർത്താവ്

നാമം : അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹ് ബിൻ അബ്ദുറഹ്മാൻ ബിൻ മുഹമ്മദ് ബിൻ അബ്ദുല്ലാഹ് ആല് ബാസ്.
ജനനം : സഊദി അറേബ്യയിലെ റിയാള് നഗരത്തിൽ . ഹിജ്റ 1330 ദുൽ ഹിജ്ജ മാസം.

തന്റെ 16 -ാ മത്തെ വയസ്സിൽ കണ്ണിനു രോഗം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ടു. ചെറുപ്പത്തിലേ വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കി. പ്രശസ്തരും അഗ്രഗണ്യരുമായ ഗുരുനാഥന്മാരിൽ നിന്ന് വിദ്യ നേടി.

പ്രധാന ഗുരുനാഥന്മാർ : അശ്ശൈഖ് മുഹമ്മദ് ബിൻ അബ്ദുല്ലത്തീഫ്; റിയാളിലെ ഖാസി അശ്ശൈഖ് സ്വാലിഹ് ബിൻ അബ്ദുൽ അസീസ്; മക്കയിലെ പ്രശസ്ത പണ്ഡിതനായിരുന്ന അശ്ശൈഖ് സഅദ് വഖ്ഖാസുൽ ബുഖാരി;

വിജ്ഞാന സാഗരമായിരുന്ന അശ്ശൈഖ് മുഹമ്മദ് ബിൻ ഇബ്രാഹിം ആലുശ്ശൈഖിന്റെ കീഴിൽ 10 വർഷക്കാലം നിരന്തരം ചടങ്ങുകൂടി ശറഈ വിജ്ഞാനങ്ങൾ മുഴുവനും കരസ്ഥമാക്കി അഖില ലോക പ്രശസ്ത പണ്ഡിത പദവിയിൽ എത്തിച്ചേർന്നു.

അലങ്കരിച്ച ഔദ്യോഗിക പദവികൾ :

ഹി. 1357 മുതൽ 1371 വരെ അൽഖർജ് ഖാസി.
ഹി. 1372 മുതൽ 1380 വരെ റിയാളിലെ ശരീഅ കോളേജിലെ ഫിഖ്ഹ്, തൗഹീദ്, ഹദീസ് എന്നീ വിഷയങ്ങളുടെ പ്രഫസർ.
ഹി. 1381 മുതൽ 1390 വരെ മദീനാ യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലർ. പിന്നീട് ശൈഖ് മുഹമ്മദ് ബിൻ ഇബ്രാഹിം ആലുശ്ശൈഖ് നിര്യാതനായപ്പോൾ ഹി. 1395 വരെ ചാൻസലർ പദവി.

ഹി. 1395 ൽ രാജ കൽപന പ്രകാരം ദാറുൽ ഇഫ്തായുടെ പ്രസിഡണ്ട് പദവി ഏറ്റെടുത്തു. ഇപ്പോഴും ആ പദവിയിൽ തുടരുന്നു.
ഹി. 1414 ൽ സഊദി രാഷ്ട്രത്തിന്റെ 'രാഷ്ട്ര മുഫ്തി' യായി അവരോധിക്കപ്പെട്ടിരിക്കുന്നു.

രാഷ്ട്രത്തിലെ ഉന്നത പണ്ഡിത സഭാ മെമ്പർ, ഫത്വാ ബോർഡ് ചെയർമാൻ, മുസ്ലിം വേൾഡ് ലീഗ് സ്ഥാപക പ്രസിഡണ്ടും സ്ഥിരാംഗവും, ലോകത്തെ പള്ളികാര്യങ്ങളുടെ ഉന്നത സഭാ പ്രസിഡണ്ട്, മക്കായിലെ ഇസ്ലാമിക് കർമ്മ ശാസ്ത്ര ഗവേഷണ കമ്മിറ്റി ചെയർമാൻ, മദീനാ യൂണി. സിറ്റി ഉന്നത കാര്യ സഭാംഗം, സഊദി അറേബ്യാ മത പ്രബോധന ഉന്നതാധികാര കമ്മിറ്റി അംഗം എന്നീ പദവികളും അലങ്കരിക്കുന്നു.

ചെറുതും വലുതുമായി 21 ലധികം ഗ്രന്ഥങ്ങൾ ഇതിനകം അദ്ദേഹം രചിച്ചിട്ടുണ്ടു്. ("റിസാലതാനി മൂജസതാനി ഫിസ്സകാത്തി വസ്സൗമി" എന്ന കൃതിയുടെ പരിഭാഷയാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്). ലളിത ശൈലിയും ശക്തമായ തെളിവുകളും ഈ ഗ്രന്ഥങ്ങളുടെയെല്ലാം സവിശേഷതയാണ്. അധികവും ഫത്വകളാണ്. ഇവയുടെ സമാഹാരം " മജ്മൂഅ് ഫതാവാ വ മഖാലാത്തും മുതനവ്വിഅ " എന്ന പേരിൽ ദാറുൽ ഇഫ്താ 5 വാള്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

84 വയസ്സ് പ്രായമുള്ള അദ്ദേഹം ഇപ്പോഴും കർമ്മ കുശലനായി മത സേവന രംഗത്തു നിറഞ്ഞു നിൽക്കുന്നു. അല്ലാഹു അദ്ദേഹത്തിന്നു ആയുരാരോഗ്യം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

പരിഭാഷകൻ

തിയ്യതി
23.5.1414H ( 7.11.1993)

# ഒന്നാം സന്ദേശം

## സകാത്ത്
## സുപ്രധാനമായ ചർച്ച

# الرِّسَالَةُ الأُولَى

## في بحُوث هَامة حَول الزكاة

بســـم اللـــه الرحمـــن الرحيـــم

സർവ്വ സ്തുതിയും അല്ലാഹുവിന്ന്മാത്രം. അന്ത്യ പ്രവാചകൻ മുഹമ്മദ് (സ.അ) ലും അവിടുത്തെ കുടുംബത്തിലും അനുചരിലും അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

മുസ്ലിംകളിൽ അധികപേരും അശ്രദ്ധ കാണിക്കുന്ന നിർബന്ധ ദാനമായ സകാത്തിനെക്കുറിച്ച് ഒരു ഉൽബോധനവും ഉപദേശവുമായി ചില വാചകങ്ങൾ കുറിക്കുകയാണ്. വളരെ ഗൗരവമേറിയ വിഷയമായിട്ടും നിയമമാക്കപ്പെട്ട രൂപത്തിൽ തന്നെ ജനങ്ങൾ സകാത്ത് കൊടുക്കാൻ തയ്യാറാകുന്നില്ല. ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നായ ഇക്കാര്യം നിർവഹിക്കപ്പെടാതെ മതം തന്നെ നിലനിൽക്കുകയില്ല. നബി (സ.അ) യുടെ വചനമാണ് ഇതിന്നു തെളിവ്.

"അഞ്ച് സ്തംഭങ്ങളിന്മേലാണ് ഇസ്ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ലെന്നും, മുഹമ്മദ് (സ.അ) അല്ലാഹുവിൻെറ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക; നമസ്കാരം ക്രമപ്രകാരം നിലനിർത്തുക; സകാത്ത് നൽകുക; റമളാനിൽ വ്രതമനുഷ്ഠിക്കുക; കഅ്ബയിൽ പോയി ഹജ്ജ് നിർവ്വഹിക്കുക." (ബുഖാരി , മുസ്ലിം).

മുസ്ലിംകളുടെ മേൽ സകാത്ത് നിർബന്ധ മാക്കിയിരിക്കുക മൂലം അതിരററ നന്മകളും ഒട്ടേറെ പ്രത്യക്ഷ ഗുണങ്ങളും മുസ്ലിം സമൂഹത്തിന്ന് കൈവരിക്കാനാകും. അവരിലെ ദരിദ്രർക്ക് എന്തെന്നില്ലാത്ത ഒരാശ്വാസമാണത്. ദരിദ്രരും ധനികരും തമ്മിലുള്ള സ്നേഹ ബന്ധം ഇതിലൂടെ ഊട്ടി ഉറപ്പിക്കപ്പെടുന്നു. മനുഷ്യ ഹൃദയങ്ങൾ നന്മകൾ കൈമാറുക മൂലം സ്നേഹ ബന്ധത്തിൻെറ പാശത്താൽ ബന്ധിതരാകുമല്ലോ. ഹൃദയം സംസ്കരിക്കപ്പെടുവാനും മനസ്സ് ദൃഢമാകുവാനും അത് ഉതകും. ലുബ്ധും പിശുക്കും അകന്ന് സ്വഭാവ പരിശുദ്ധിയുണ്ടാകും. ഇതെല്ലാം ഇതിൻെറ മഹത്തായ നന്മകളിൽ പെട്ടതാണ്. അതു കൊണ്ടാണ് അല്ലാഹു പ്രഖ്യാപിച്ചത്.

" ഓ പ്രവാചകരെ, അവരുടെ ധനങ്ങളിൽ നിന്ന് (നിർബന്ധ) ദാനം നീ വാങ്ങുക. അത് അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതാണ്.

( വി.ഖു. 9 : 103 ) خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَوٰتَكَ سَكَنٌ لَّهُمْ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾ التوبة ٩ آية ١٠٣

**ആശ്രിതരോട് അനുകമ്പയും ഔദാര്യവും അനുവർത്തിക്കാൻ ഒരു മുസ്ലിമിനെ സകാത്ത് സജ്ജമാക്കുന്നു. ദൈവാനുഗ്രഹം ഏറെ ലഭിക്കുവാനും ഐശ്വര്യം വർദ്ധിക്കുവാനും അത് അവസരമുണ്ടാക്കുന്നു.**

**അല്ലാഹു പറഞ്ഞു :**

"നിങ്ങൾ എന്ത് ചിലവഴിച്ചാലും അവൻ (അല്ലാഹു) അതിന് (പിന്നാലെ) പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏററവും ഉത്തമനത്രെ.

**(വി.ഖു: 34 : 39)**

وَمَآ أَنفَقْتُم مِّن شَىْءٍ فَهُوَ يُخْلِفُهُۥ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٣٩﴾ سبا ٣٤ آية ٣٩

**അല്ലാഹു പറഞ്ഞതായി നബി (സ.അ) പറയുന്നു :**
**"ഓ മനുഷ്യ പുത്രാ, ചിലവഴിച്ചോളൂ. നിനക്കു വേണ്ടി നാമും ചിലവഴിക്കുന്നതാണ്".**

**ഇങ്ങനെ സകാത്ത് കൊണ്ടുള്ള നന്മകൾ ഏറെയാണ്. സകാത്ത് നൽകുന്നതിൽ വീഴ്ച വരുത്തുന്നവർക്കും ലുബ്ധ് കാണിക്കുന്നവർക്കും കനത്ത താക്കീതുകളും വന്നിട്ടുണ്ട്.**
**അല്ലാഹു പറയുന്നു :**

സ്വർണ്ണവും വെള്ളിയും നിക്ഷേപിച്ച് വെക്കുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും

ചെയ്യുന്നവരാരോ, അവർക്ക് വേദനയുററ ശിക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക. അവ നരകാഗ്നിയിലിട്ട് ചുട്ടു പഴുപ്പിച്ച് അത്കൊണ്ട് അവരുടെ നെററികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടു വയ്ക്കപ്പെടുന്ന ദിവസം (അവരെ അറിയിക്കും). നിങ്ങൾ നിങ്ങൾക്കായി സംഭരിച്ചു വച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചു വച്ചിരുന്നത് നിങ്ങൾ തന്നെ ആസ്വദിച്ചു കൊള്ളുക. " (വി.ഖു. 9 : 34, 35)

وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلَا يُنفِقُونَهَا
فِي سَبِيلِ اللَّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٣٤﴾ يَوْمَ يُحْمَىٰ
عَلَيْهَا فِي نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنُوبُهُمْ
وَظُهُورُهُمْ هَٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا مَا كُنتُمْ
تَكْنِزُونَ ﴿٣٥﴾ التوبة ٩ آية ، ٣٤, ٣٥ ،

അപ്പോൾ ഏതൊരു ധനത്തിന്ന് സകാത്ത് നൽകുന്നില്ലയോ അതാണ് നിക്ഷേപം. അന്ത്യ നാളിൽ അതിൻെറ ഉടമക്കാണ് ശിക്ഷയും.
നബി (സ.അ) അക്കാര്യം വിശദീകരിച്ചുകൊണ്ട് പറഞ്ഞു:

" സ്വർണ്ണത്തിൻേറയും വെള്ളിയുടേയും ഏതൊരുടമയും അതിൽ നിന്നുള്ള (പാവങ്ങളുടെ) അവകാശം നൽകിയിട്ടില്ലയോ, അന്ത്യ നാളിൽ അവ പരത്തി തകിടുകളാക്കി അഗ്നിയിലിട്ട് പഴുപ്പിച്ച് അവൻെറ ചെന്നിയിലും ശരീര ഭാഗങ്ങളിലും മുതുകിലും ചൂട് വെയ്ക്കും. തണുത്തു വരുമ്പോൾ വീണ്ടും അപ്രകാരം ആവർത്തിക്കപ്പെടും. നമ്മുടെ കണക്കിലെ അമ്പതിനായിരം ദിവസമുള്ള ഒരു ഘട്ടമാണ് അവിടത്തെ ഒരു നാൾ. ഇത് സ്വർഗ്ഗ, നരകങ്ങളിലേക്ക് മനുഷ്യരെ വേർപ്പെടുത്താനുള്ള വിചാരണക്ക് മുൻപായിരിക്കും. തുടർന്ന് ഒട്ടകം, പശു, ആട് മതലായ നാൽക്കാലികളുടെ സകാത്ത് കൊടുക്കാത്തവർക്കും പരലോകത്ത് കഠിന ശിക്ഷ ഉണ്ടായിരിക്കുമെന്ന് അവിടുന്ന് അറിയിച്ചു."

പ്രവാചകനിൽ നിന്ന് കുറ്റമറ്റ ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു:

" ഒരാൾക്ക് അല്ലാഹു ധനം നൽകി. എന്നിട്ടവൻ അതിന്റെ സകാത്ത് നൽകിയില്ല. അവന്റെ ധനത്തെ വിചാരണ നാളിൽ രണ്ട് കുററൻ കാളസ്സർപ്പങ്ങളാക്കി രൂപാന്തരപ്പെടുത്തി അവന്റെ കഴുത്തിലണിയിക്കും. അവ ഫണം വിടർത്തി അവനെ ആഞ്ഞ് കൊത്തും. എന്നിട്ടവ പറയും :'ഞാനാണ് നിന്റെ ധനം. ഞാനാണ് നിന്റെ നിക്ഷേപം'.

തുടർന്ന് നബി (സ.അ) ഖുർആനിലെ ഈ വചനം പാരായണം ചെയ്തു.

"അല്ലാഹു കനിഞ്ഞേകിയ ധനത്തിൽ പിശുക്ക് കാണിക്കുന്നവൻ അവന്നത് ഗുണകരമാണെന്ന് ധരിക്കേണ്ടതില്ല. പ്രത്യുത അവർക്കത് ദോഷകരമായി (ഭവിച്ചി)രിക്കും. അവർ പിശുക്കിയ ധനം കൊണ്ട് വിചാരണ നാളിൽ അവർക്കത് (സർപ്പ മാലയാക്കി) കണ്ഠാഭരണമായി അണിയിക്കും.
(വി.ഖു . 3 : 180)

وَلَا يَحْسَبَنَّ ٱلَّذِينَ يَبْخَلُونَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ هُوَ خَيْرًا
لَّهُم بَلْ هُوَ شَرٌّ لَّهُمْ سَيُطَوَّقُونَ مَا بَخِلُوا۟ بِهِۦ يَوْمَ ٱلْقِيَـٰمَةِ

آل عمران ٣ آية ١٨٠ .

ഭൂമിയുൽപാദിപ്പിക്കുന്ന ധാന്യങ്ങൾ, ഫല വർഗ്ഗങ്ങൾ; മേഞ്ഞു തിന്നുന്ന നാൽക്കാലികൾ; സ്വർണ്ണം, വെള്ളി എന്നീ നാണയങ്ങൾ; കച്ചവടച്ചരക്കുകൾ എന്നീ നാല് വിഭാഗങ്ങൾക്കാണ് സകാത്ത് നിർബന്ധമായിട്ടുള്ളത്. ഈ നാല് വിഭാഗത്തിന്നും നിശ്ചിതമായ സകാത്തിന്റെ പരിധി (നിസ്വാബ്) ഉണ്ട്. ആ പരിധിയിൽ കുറഞ്ഞവയ്ക്ക് സകാത്ത് വേണ്ടതില്ല.

കാർഷിക സമ്പത്തിന്റെ നിസ്വാബ്, 5 വസഖ് (600 കിലോഗ്രാം) ആകുന്നു. - ഒരു വസഖ് പ്രവാചകന്റെ കാലത്തെ 60 സ്വാഅ് ആണ്- (നമ്മുടെ നാട്ടിലെ 60 പറക്ക് തുല്യം. വിവർത്തകൻ) ഇക്കണക്കനുസരിച്ച് കാരയ്ക്ക, മുന്തിരി, ഗോതമ്പ്, നെല്ല്, ബാർളി, യവം മുതലായവയ്ക്കെല്ലാം 300 പ്രവാചക സ്വാഅ് ആയിരിക്കും നിസ്വാബ്.

ഒരു സ്വാഅ് എന്നാൽ ഒത്ത ഒരാളുടെ രണ്ട് കൈകൾ ചേർത്ത് പിടിച്ചുള്ള നിറഞ്ഞ നാല് കോരലുകളാണ്. ഈ കാർഷികോൽപന്നങ്ങൾ പ്രകൃതിയെ മാത്രം ആശ്രയിച്ചു —മഴ, പുഴ, നീരുറവകൾ മുതലായവയിൽ നിന്ന് വലിയ അദ്ധ്വാനവും പരിചരണങ്ങളുമില്ലാതെ ലഭിച്ചിട്ടു—ള്ളവയാണെങ്കിൽ ആകെ ഉൽപാദനത്തിൽ നിന്ന് 1/10 -പത്തിലൊന്ന്- (10%) സകാത്തായി നൽകൽ നിർബന്ധമാണ്.

എന്നാൽ യന്ത്ര സാമഗ്രികൾ, പമ്പുകൾ, മോട്ടോർ മുതലായവയും കഠിനാദ്ധ്വാനവും മുഖേന ഉൽപാദിപ്പിച്ചവയാണെങ്കിൽ അതിന്റെ ഇരുപതിലൊന്ന് 1/20 (5%) മാത്രമേ സകാത്തായി നൽകേണ്ടതുള്ളു. നബി (സ.അ) യിൽ നിന്നുള്ള സ്വഹീഹായ ഹദീസുകളിൽ അങ്ങിനെയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

ആട്, മാട്, ഒട്ടകങ്ങൾ (നാൽക്കാലികൾ) ക്കുള്ള സകാത്തിനെക്കുറിച്ചും സ്വഹീഹായ ഹദീസുകൾ വന്നിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർക്ക് പണ്ഡിതന്മാരെ സമീപിക്കാവുന്നതാണ്. ഈ ലേഖനം സംക്ഷിപ്തമാകണമെന്നതിനാൽ അതിവിടെ വിശദീകരിക്കുന്നില്ല.

വെള്ളിയുടെ നിർബന്ധ സകാത്ത് പരിധി 140 മിസ്ഖാൽ ( ഒരു മിസ്ഖാൽ = 1-1/2 ദിർഹം) എത്തുമ്പോഴാണ്. ( ഏകദേശം 560 ഗ്രാം). സഊദി അറേബ്യൻ ദിർഹം പ്രകാരം ഒരു ദിർഹം 56 റിയാലിന്നു തുല്യമാണ്.

സ്വർണ്ണത്തിന്റെ നിസ്വാബ് 20 മിസ്ഖാൽ ആണ്. സഊദി ജുനൈഹ് പ്രകാരം 11 ജുനൈഹും 3 'സിബ്അ്' ഉം ആയിരിക്കും. കിലോ ഗ്രാം അടിസ്ഥാനത്തിൽ ഏകദേശം 92 ഗ്രാം വരുന്നതാണ്. ഇവ രണ്ടിൽ (സ്വർണ്ണവും വെള്ളിയും) ഓരോന്നിന്റേയും നിസ്വാബ് എത്തുകയും കൊല്ലം തികയുകയും ചെയ്യുമ്പോൾ 10 ന്റെ 1/4 (അഥവാ 2-1/2%) ആണ് സകാത്ത് നൽകേണ്ടത്.

ലാഭവും മൂലധനമായാണ് കണക്കാക്കേണ്ടത്. അതിന്ന് മാത്രം വേറെ പുതിയ വർഷം തികയാൻ കാത്തിരിക്കേണ്ടതില്ല. നാൽക്കാലികളുടെ നിസ്വാബ് എത്തിയശേഷം ഇടക്കാല വർദ്ധനവുണ്ടായാൽ അതിന്ന് കൊല്ലം പൂർത്തിയാക്കാതെ അതും അടിസ്ഥാന സമ്പത്തായിത്തന്നെ കണക്കാക്കുന്നതു പോലെയാണിതും ചെയ്യേണ്ടത്.

ഇന്ന് ജനങ്ങൾ നാണയ വിനിമയത്തിന്നുപയോഗിക്കുന്ന കറൻസികൾക്കും മറ്റും സ്വർണ്ണത്തിന്റേയും വെള്ളിയുടേയും നിയമമാണ് മാനദണ്ഡമാക്കേണ്ടത്. ദിർഹം എന്നോ ദീനാറെന്നോ ഡോളറെന്നോ ഏതു പേരിൽ വിളിക്കപ്പെട്ടാലും അവയ്ക്കെല്ലാം വെള്ളിയുടേയോ അല്ലെങ്കിൽ സ്വർണ്ണത്തിന്റേയോ നിസ്വാബ് എത്തുകയും കൊല്ലം

തികയുകയും ചെയ്താൽ സകാത്ത് നിർബന്ധമായിത്തീരുന്നതാണ്.

വിനിമയ നാണയങ്ങളുടെ നിയമം തന്നെയാണ് സ്ത്രീകൾ അണിയുന്ന സ്വർണ്ണം, വെള്ളി ആഭരണങ്ങൾക്കുമുള്ളത്. അവയ്ക്കും നിസ്വാബ് എത്തുകയും വർഷം തികയുകയും ചെയ്യുമ്പോൾ സകാത്ത് നൽകണം. സാധാരണ ഉപയോഗിക്കുന്നതായാലും അല്ലെങ്കിലും ശരി. നബി (സ.അ) യുടെ വചനങ്ങളുടെ പൊതു തത്വമനുസരിച്ച് പണ്ഡിതന്മാരുടെ ഏറ്റവും ശരിയായ വീക്ഷണം അങ്ങിനെത്തന്നെയാണ്.

നബി (സ.അ) പറയുന്നു :
"സ്വർണ്ണത്തിൻേറയോ വെള്ളിയുടേയോ ഏതൊരുടമയും അതിൻെറ സകാത്ത് നൽകാതിരുന്നാൽ അന്ത്യനാളിൽ അവ അഗ്നിത്തകിടുകളാക്കി ചുട് വെക്കും . . . . . ." (മേൽ ഉദ്ധരിച്ച ഹദീസ്).

അപ്രകാരം നബി (സ.അ) യിൽ നിന്നും സ്ഥിരപ്പെട്ട മറ്റൊരു വചനം :

" ഒരു സ്ത്രീയുടെ കൈകളിൽ രണ്ടു സ്വർണ്ണവളകൾ നബി (സ.അ) കണ്ടപ്പോൾ ചോദിച്ചു. നീ ഇതിൻെറ സകാത്ത് കൊടുത്തിട്ടുണ്ടോ. അവൾ : ഇല്ല. അപ്പോൾ നബി (സ.അ) ചോദിച്ചു. ' അഗ്നിയാലുള്ള രണ്ട് വളയങ്ങൾ അന്ത്യദിനം നിൻെറ കൈകളിൽ അല്ലാഹു അണിയിക്കുന്നത് നിന്നെ സന്തോഷിപ്പിക്കുമോ.' അപ്പോളവൾ അത് ഊരിയെടുത്ത് ഇതാ ഇവ രണ്ടും അല്ലാഹുവിന്നും റസൂലിന്നും (പൊതു ഖജനാവിലേക്ക്) ഉള്ളതാകുന്നു എന്ന് പറഞ്ഞു നൽകുകയുണ്ടായി." (അബുദാവൂദ്, നസാഈ, എന്നിവർ 'ഹസൻ' ആയി റിപ്പോർട്ട് ചെയ്തത്.)

ഉമ്മു സലമ (റ.അ) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട സ്ഥിരപ്പെട്ട മറ്റൊരു ഹദീസ് ഇപ്രകാരമാണ്.

" അവർ സ്വർണ്ണത്തിൻെറ തളകളണിഞ്ഞ്കൊണ്ട് നബി (സ.അ) യോട് ചോദിച്ചു. പ്രവാചകരെ, ഇത് (ദൈവ മാർഗ്ഗത്തിൽ ചെലവഴിക്കാതെ സംഭരിച്ചുവെച്ച, ശിക്ഷിക്കപ്പെടാൻ ഹേതുവാകുന്ന നിക്ഷേപമെന്ന് ഖുർആനിൽ പറഞ്ഞ) ആ 'കൻസി'ൽ പെടുമോ? അപ്പോൾ അവിടുന്ന് പറഞ്ഞു : സകാത്തിൻെറ പരിധിയിലെത്തുകയും സകാത്ത് കൊടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് കൻസിൽ പെടുകയില്ല."

ഈ ആശയത്തിൽ മറ്റു ഹദീസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇനി വിൽപനക്ക് സജ്ജമായ കച്ചവടച്ചരക്കുകളുടെ സകാത്ത് നിർണ്ണയിക്കേണ്ടത് : വർഷാവസാനത്തിൽ കണക്കെടുക്കുക. അതിൻെറ ആകെ മൂല്യത്തിൻെറ 2-1/2 % സകാത്ത് നൽകുക - മൂല്യം യഥാർത്ഥ വിലയോളമോ, കൂടുതലോ, കുറവോ ആയാലും ശരി-. സംഃ (റ.അ) ഉദ്ധരിക്കുന്ന ഹദീസാണിതിന്ന് തെളിവ്.

അദ്ദേഹം പറഞ്ഞു:

'വിൽപനക്കൊരുക്കിയ കച്ചവടച്ചരക്കുകൾക്ക് സകാത്ത് നൽകണമെന്ന് ഞങ്ങളോട് നബി (സ.അ) കൽപിച്ചിരിക്കുന്നു'. (അബൂ ദാവൂദ്).

ഇതിൻെറ അടിസ്ഥാനത്തിൽ ഭൂമി, കെട്ടിടങ്ങൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ, മോട്ടോറുകൾ എന്നിങ്ങനെ വിൽപന നടത്താവുന്ന മുഴുവൻ വസ്തുക്കളും അതിലുൾപ്പെടുന്നുവെന്ന് മനസ്സിലാക്കാമല്ലോ.

എന്നാൽ കച്ചവടത്തിന്നല്ലാതെ വാടകക്ക് വേണ്ടി തയ്യാറാക്കിയ കെട്ടിടങ്ങൾക്കും മറ്റും, അതിന്ന് വർഷത്തിൽ ആകെ കിട്ടുന്ന വാടകയാണ് സകാത്തിന്നു കണക്കാക്കേണ്ടത്. എന്നാൽ അവയുടെ മൂല ധനത്തിന്ന് സകാത്ത് വേണ്ടതില്ല. കാരണം അത് കച്ചവടം ചെയ്യപ്പെടുന്നില്ലല്ലോ.

അപ്രകാരം സ്വന്തം ആവശ്യത്തിന്നുള്ള വാഹനത്തിന്നും ടാക്സിക്കും അവ സ്വന്താവശ്യത്തിന്നു ഉപയോഗിക്കുന്നതിനാലും, കച്ചവടം നടത്താനുള്ളതല്ലാത്തതിനാലും അവക്കും സകാത്ത് കൊടുക്കേണ്ടതില്ല. പക്ഷെ ടാക്സിക്കാരൻ സകാത്തിൻെറ പരിധിക്കപ്പുറം അതുകൊണ്ട് വാടകയിനത്തിൽ സമ്പാദിക്കുന്നുണ്ടെങ്കിൽ കൊല്ലം തികയുമ്പോൾ സകാത്ത് നൽകണം. ആ സമ്പാദ്യം സ്വന്തം ആവശ്യങ്ങൾക്കോ, വിവാഹാവശ്യങ്ങൾക്കോ, ജംഗമ സ്വത്തുക്കൾ വാങ്ങുന്നതിന്നോ, കടം വീട്ടുന്നതിന്നോ - അങ്ങിനെ എന്തിന്ന്- തിരിച്ചു വിട്ടാലും സകാത്ത് നൽകുക തന്നെ വേണം. ശരീഅത്തിലെ സകാത്തിൻെറ പൊതു നിയമ പ്രകാരമുള്ള തെളിവുകൾ ഇവയ്ക്കെല്ലാം ബാധകമാണ്.

എന്നാൽ പണ്ഡിതന്മാരുടെ ഏറ്റവും ശരിയായ നിഗമന പ്രകാരം 'മേൽ പറഞ്ഞവയിൽ കടം ഒരിക്കലും സകാത്ത് നൽകുന്നതിന്ന് തടസ്സമല്ല' എന്നതു തന്നെയാണ് ശരി.

ഇപ്രകാരം നിസ്വാബും കൊല്ലവും പൂർത്തിയായാൽ യതീമുകളുടേയും ഭ്രാന്തന്മാരുടേയും ധനത്തിലും സകാത്ത് കൊടുക്കേണ്ടതുണ്ട് എന്നാണ് ഭൂരിപക്ഷ പണ്ഡിതന്മാരുടേയും വീക്ഷണം. ആ സ്വത്തുക്കൾ സംരക്ഷിക്കുന്നവരാണ് അവർക്ക് വേണ്ടി അത് നൽകേണ്ടത്. പ്രവാചക

വചനങ്ങൾ ഇക്കാര്യത്തിൽ തെളിവുകൾ നൽകുന്നുണ്ട്. മുആദ്ബിൻ ജബലി (റ.അ) നെ യമനിലേക്ക് നിയോഗിച്ചപ്പോൾ നബി (സ.അ) പറഞ്ഞു :

"നിശ്ചയം, അല്ലാഹു അവരുടെ ധനത്തിൽ ദാനം (സകാത്ത്) നിർബന്ധമാക്കിയിരിക്കുന്നു. താങ്കൾ അത് അവരിലെ ധനികരിൽ നിന്ന് വാങ്ങി ദരിദ്രർക്ക് നൽകുക."

സകാത്ത് അല്ലാഹുവിനോടുള്ള മനുഷ്യന്റെ ബാധ്യതയാണ്. അനർഹർക്ക് ഒരു കാരണവശാലും അത് നൽകിക്കൂടാ. തനിക്കേൽക്കുന്ന ഉപദ്രവങ്ങൾ തടുക്കുന്നതിനോ എന്തെങ്കിലും പ്രത്യുപകാരം പ്രതീക്ഷിച്ചോ ചെയ്യാനുള്ളതല്ല ഇത്. തന്റെ ധനത്തിനു കാവൽ ലഭിക്കാനോ അപകടങ്ങൾ പ്രതിരോധിക്കാനോ ഉള്ളതുമല്ല. പ്രത്യുത ഓരോ മുസ്ലിമും നിർബന്ധമായും അത് അതിന്റെ യഥാർത്ഥ അവകാശികൾക്ക് തന്നെ കൊടുക്കേണ്ടതുണ്ട്.

നിസ്വാർത്ഥമായി മറ്റു ലക്ഷ്യങ്ങളൊന്നുമില്ലാതെ ദൈവ പ്രീതി മാത്രം കാംക്ഷിച്ച് തന്നിലേൽപിച്ച ദൈവത്തോടുള്ള ബാധ്യത നിർവ്വഹിക്കുന്നു എന്നുള്ള ബോധത്തോടെ, അല്ലാഹു നൽകുന്ന വമ്പിച്ച പ്രതിഫലവും അതിനെത്തുടർന്നു ലഭിക്കുന്ന പകരവും മാത്രമേ പ്രതീക്ഷിക്കാവൂ.

സകാത്തിന്ന് അർഹതപ്പെട്ട വിഭാഗങ്ങളെ പരിശുദ്ധ ഖുർആൻ വിവരിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

"നിർബന്ധ ദാനങ്ങൾ, ദരിദ്രർക്കും അഗതികൾക്കും അതിന്റെ പ്രവർത്തകർക്കും (ഇസ്ലാമുമായി) മനസ്സുകളിണങ്ങി (പുതു വിശ്വാസികളായി) വരുന്നവർക്കും അടിമകളുടെ (മോചന) കാര്യങ്ങൾക്കും ഋണബാധിതർക്കും (മറ്റു) ദൈവിക മാർഗ്ഗങ്ങൾക്കും വഴി പോക്കർക്കും മാത്രമുള്ളതാകുന്നു. അല്ലാഹുവിന്റെ നിർണ്ണയമാണിത്. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാണ്. (വി.ഖു. 9:60)

إِنَّمَا ٱلصَّدَقَٰتُ
لِلْفُقَرَآءِ وَٱلْمَسَٰكِينِ وَٱلْعَٰمِلِينَ عَلَيْهَا وَٱلْمُؤَلَّفَةِ قُلُوبُهُمْ
وَفِى ٱلرِّقَابِ وَٱلْغَٰرِمِينَ وَفِى سَبِيلِ ٱللَّهِ وَٱبْنِ ٱلسَّبِيلِ
فَرِيضَةً مِّنَ ٱللَّهِ وَٱللَّهُ عَلِيمٌ حَكِيمٌ (٦٠) التوبة ٩ آية ، ٦٠ ،

ഈ സൂക്തത്തിന്റെ അവസാനത്തിൽ അല്ലാഹുവിന്റെ ഉൽകൃഷ്ടമായ രണ്ട് നാമങ്ങളുടെ (അലീം - സർവ്വജ്ഞൻ, ഹകീം - യുക്തിമാൻ) പ്രയോഗങ്ങൾ വളരെ ശ്രദ്ധേയമാണ്. തന്റെ അടിമകളിൽ ആരാണ് ദാന ധർമ്മങ്ങൾ ഏറ്റു വാങ്ങാൻ കൂടുതൽ അർഹരെന്നും ആരെല്ലാമാണ് അനർഹരെന്നും സ്രഷ്ടാവായ താനാണ് ഏറ്റവും നന്നായി അറിയുന്നത്.

നിയമ നിർമ്മാണത്തിലും നിർണ്ണയത്തിലും ഏറ്റവും അനുയോജ്യ വശം ക്രമീകരിച്ചതിൽ അജയ്യമായ യുക്തിയുണ്ട്. കാര്യങ്ങളുടെ നിഗൂഢത അറിയാത്ത അവിവേകികൾ ഇതിലെ യുക്തി ഭദ്രതയെക്കുറിച്ച് അജ്ഞരായിരിക്കും. തന്റെ ദാസന്മാർക്ക് അവന്റെ നിയമത്തിൽ ആശ്വാസം ലഭിക്കാനും അവന്റെ യുക്തിയെ അവർക്ക് അംഗീകരിക്കാനുമായിട്ടാണ് ഇതെല്ലാം എന്നും സൂചിപ്പിക്കുന്നുണ്ട് ആ പദങ്ങൾ.

അല്ലാഹു നമുക്കും എല്ലാ മുസ്ലിംകൾക്കും അവന്റെ മതം ഗ്രഹിക്കുവാനും അതിന്നനുസൃതം പ്രവർത്തിക്കുവാനും തൗഫീഖ് ചെയ്യട്ടെ. അവന്റെ കോപത്തിൽ നിന്ന് മോചനം നൽകട്ടെ. അവൻ കേൾക്കുന്നവനും സമീപസ്ഥനുമാണല്ലോ. മുഹമ്മദ് നബി (സ.അ) യിലും അവിടുത്തെ സഖാക്കളിലും അല്ലാഹുവിന്റെ കരുണാ കടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

***************************************

# രണ്ടാം സന്ദേശം

## വ്രതാനുഷ്ഠാനം, രാത്രിനമസ്കാരം

### ജനങ്ങളിൽ ചിലർക്ക് അജ്ഞാതമായ കാര്യങ്ങൾ

# الرسالة الثانية

## في فضل صيام رمضان وقيامه مع بيان أحكام مهمة قد تخفى على بعض الناس

بســم اللــه الرحمــن الرحيــم

ഇതൊരു സംക്ഷിപ്ത സാരോപദേശമാണ്. റമളാനിലെ വ്രതാനുഷ്ഠാനം, രാത്രിയിലെ നമസ്കാരം, സൽകർമ്മങ്ങളിലുള്ള മുന്നേറ്റം എന്നിവയുടെ ശ്രേഷ്ടതയെക്കുറിച്ചും ഇവയിൽ ചിലർക്കുള്ള അവ്യക്തതകളെക്കുറിച്ചുമുള്ള മുഖ്യമായ ചില നിർദ്ദേശങ്ങൾ.
നബി (സ.അ) യുടെ തിരുവചനങ്ങളിൽ റമളാനിന്റെ ആഗമനത്തെക്കുറിച്ച് തന്റെ അനുയായികളെ അദ്ദേഹം ഇപ്രകാരം സന്തോഷവാർത്ത അറിയിക്കാറുണ്ട് എന്ന് സ്ഥിരപ്പെട്ടു വന്നിരിക്കുന്നു.

"നിശ്ചയം, സ്വർഗ്ഗത്തിന്റേയും അനുഗ്രഹത്തിന്റേയും കവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും പിശാചുക്കൾ ബന്ധിതരാകുകയും ചെയ്യുന്ന മാസമാണിത്."

അവിടുന്ന് പറയാറുണ്ട്:
" റമളാനിലെ ആദ്യരാവിൽ സ്വർഗ്ഗ വാതിൽ തുറക്കുന്നതാണ്. ഒരൊറ്റ വാതിലും അതിൽ അടക്കപ്പെടുന്നതല്ല. നരകത്തിന്റെ മുഴുവൻ വാതിലകളും അടക്കപ്പെടും. ഒന്നു പോലും തുറക്കുകയില്ല. പിശാചുക്കളെ ബന്ധനത്തിലാക്കും. ശേഷം ഒരു മലക്ക് വിളിച്ചു പറയും: 'നന്മ ചെയ്യാനുദ്ദേശിക്കുന്നവരേ, മുന്നോട്ടു വരിക!. തിന്മ ചെയ്യുന്നവരേ, ചുരുക്കികൊൾക!. നരകത്തിൽ നിന്ന് (ഈ കാലത്ത്) ഒരു വിഭാഗത്തെ അല്ലാഹുവിന്ന് മോചിപ്പിക്കാനുണ്ട്' ഇത് റമളാനിലെ എല്ലാ രാത്രികളിലും ആവർത്തിച്ചു കൊണ്ടിരിക്കും."

വീണ്ടും അവിടുന്ന് അരുളുന്നു :
" നിങ്ങളിലിതാ റമളാൻ സമാഗതമായിരിക്കുന്നു. അല്ലാഹു നിങ്ങളെ അനുഗ്രഹം കൊണ്ട് പൊതിയുന്ന മാസം !. അപ്പോൾ നിങ്ങളിലേക്കവൻ കരുണയിറക്കും. പാപങ്ങൾ പൊറുത്തു തരും. പ്രാർത്ഥനക്ക് ഉത്തരം നൽകും. നിങ്ങളുടെ നന്മക്കു വേണ്ടിയുള്ള മൽസരത്തിലേക്കവന്റെ തിരുനോട്ടമയക്കും. എന്നിട്ടവൻ മലക്കുകളോട് നിങ്ങളെക്കുറിച്ച് അഭിമാനം കൊള്ളും. പിന്നീട് നിങ്ങൾക്ക് കിട്ടാനുള്ള സ്ഥാനമാനങ്ങൾ അവർക്ക് അല്ലാഹു കാട്ടികൊടുക്കും. എന്നാൽ യഥാർത്ഥ ദൗർഭാഗ്യവാൻ ആ മാസത്തിലെ ദൈവ കാരുണ്യം നിഷേധിക്കപ്പെട്ടു പോയവരായിരിക്കും".

വീണ്ടും പ്രവാചകൻ പറയുന്നു."
"ആരൊരുവൻ റമളാനിൽ വിശ്വാസത്തോടെയും പ്രതിഫലേഛയോടെയും നോമ്പനുഷ്ഠിച്ചുവോ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ഏതൊരുവൻ റമളാനിൽ വിശ്വാസത്തോടെയും പുണ്യം പ്രതീക്ഷിച്ചും രാത്രിനമസ്കാരം നിർവഹിച്ചുവോ അവന്റെ മുൻ ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ആർ വിശ്വാസത്തോടെയും പ്രതിഫല മോഹത്തോടെയും 'ലൈലത്തുൽ ഖദ്റിൽ' നമസ്കാരം നിർവഹിച്ചുവോ അവന്റെ കഴിഞ്ഞു പോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."

അല്ലാഹു പ്രസ്താവിച്ചതായി നബി (സ.അ) പറയുന്നു.
"മനുഷ്യ പുത്രന്റെ എല്ലാ സൽകർമ്മങ്ങൾക്കും പത്തു മുതൽ എഴുപതിരട്ടി വരെ നാം പ്രതിഫലം നൽകും. വ്രതമനുഷ്ഠിച്ചതിന്നുള്ള പ്രതിഫലം - അതെന്നെ ലക്ഷ്യമാക്കി മാത്രമാകയാൽ- അളവറ്റ പ്രതിഫലമായി നാം തന്നെ നൽകും. (എങ്ങിനെ അപ്രകാരം നൽകാതിരിക്കും. കാരണം) അവൻ വികാര വിചാരങ്ങൾ നിയന്ത്രിച്ചതും അന്നപാനിയങ്ങൾ വെടിഞ്ഞതും ഞാൻ (കൽപിച്ച) കാരണത്താൽ മാത്രമാണ്. നിശ്ചയം നോമ്പുകാരന്ന് രണ്ടാഹ്ളാദ വേളകളുണ്ട്. നോമ്പ് തുറക്കുന്ന വേളയിലേതാണൊന്ന്. (പ്രതിഫലം ദൈവത്തിങ്കൽ ഉറച്ചതിലുള്ള സന്തോഷം). തന്റെ നാഥനെ നേരിൽ കാണുമ്പോഴാണ് മറ്റേത്. തീർച്ചയായും നോമ്പുകാരന്റെ വായയുടെ (അസുഖകരമായ) വാസന പോലും അല്ലാഹുവിങ്കൽ കസ്തൂരിയുടെ സുഗന്ധത്തേക്കാൾ ഹൃദ്യമായതായിരിക്കും."

ഇങ്ങനെ റമളാനിന്റെയും വ്രതത്തിന്റെയും അതിലെ നമസ്കാരത്തിന്റെയും ശ്രേഷ്ഠത വിശദമാക്കുന്ന നിരവധി നബി വചനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു സത്യ വിശ്വാസിക്ക് ഇതൊരു അസുലഭാവസരമാണ്. പുണ്യത്തിൽ മുന്നേറാൻ അല്ലാഹു കനിഞ്ഞു നൽകിയ സുവർണ്ണാവസരം. തിന്മകളെ കരുതലോടെ വീക്ഷിക്കുവാനും അല്ലാഹു ബാധ്യതയാക്കിയ പുണ്യ കർമ്മങ്ങൾ നിർവഹിക്കുന്നതിൽ ത്യാഗ മനഃസ്ഥിതി കൈ കൊള്ളാനുമുള്ള ഒരു വേള.

പ്രത്യേകിച്ച് രണ്ട് സാക്ഷ്യ വാക്യങ്ങൾക്ക് ശേഷം കർമ്മങ്ങളിലെ അത്യുത്തമമായ, ഇസ്ലാമിന്റെ നെടുംതൂണായ അഞ്ച് നേരമുള്ള നമസ്കാരം. ശാന്തമായി ഭയഭക്തിയോടെ കൃത്യ സമയങ്ങളിൽ തന്നെ സൂക്ഷ്മതയോടെ അത് നിർവ്വഹിക്കാൻ ഓരോ സ്ത്രീയും പുരുഷനും

ബാധ്യസ്ഥനാണല്ലോ. അല്ലാഹുവിൻെറ നാമങ്ങൾ ഉരുവിടാനും ഉയർത്തപ്പെടാനും നിശ്ചയിക്കപ്പെട്ട അവൻെറ ഭവനമായ പള്ളികളിൽ വെച്ച് സംഘടിതമായി ആ നമസ്കാരം നിർവ്വഹിക്കൽ പുരുഷന്മാരുടെ സുപ്രധാന കടമയിൽ പെട്ടതുമാണ്.

അല്ലാഹു പറയുന്നു :

" നിങ്ങൾ നമസ്കാരം മുറ പ്രകാരം അനുഷ്ഠിക്കുക. സകാത്ത് നൽകുക. റുകൂഅ് ചെയ്യുന്ന (നമസ്കരിക്കുന്ന) വരോടൊപ്പം കുനിയുകയും ചെയ്യുക. (വി.ഖു. 2 : 43).

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱرْكَعُوا۟ مَعَ ٱلرَّٰكِعِينَ ﴿٤٣﴾ البقرة ٢ آية ، ٤٣ ،

അല്ലാഹു വീണ്ടും പറയുന്നു :

" നിങ്ങൾ നമസ്കാരങ്ങൾ സസൂക്ഷ്മം നിർവഹിച്ചു പോരുക. പ്രത്യേകിച്ചും ഉൽകൃഷ്ടമായ (അസർ) നമസ്കാരം. അല്ലാഹുവിൻെറ മുമ്പിൽ ഭക്തിയോടെ നിന്നു കൊണ്ടാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്".
(വി.ഖു. 2 : 238. ).

حَـٰفِظُوا۟ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلْوُسْطَىٰ وَقُومُوا۟ لِلَّهِ قَـٰنِتِينَ ﴿٢٣٨﴾ البقرة ٢ آية ، ٢٣٨ ،

"തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ള വിശ്വാസികൾ ഏറ്റവും വലിയ വിജയം നേടിയിരിക്കുന്നു". (വി.ഖു. 23 : 1,2)

قَدْ أَفْلَحَ ٱلْمُؤْمِنُونَ ﴿١﴾ ٱلَّذِينَ هُمْ فِى صَلَاتِهِمْ خَـٰشِعُونَ ﴿٢﴾

المؤمنون ٢٣ آية ، ٢،١ "തങ്ങളുടെ നമസ്കാരം കൃത്യമായി അനുഷ്ഠിച്ചു പോരുന്നവരാണവർ. അവർ തന്നെയാകുന്നു അനന്തരാവകാശികൾ. - അതായത് - ഉന്നതമായ സ്വർഗ്ഗം

**അനന്തരമെടുക്കുന്നവർ. അവരതിൽ നിത്യ വാസികളായിരിക്കും".** (വി.ഖു. 23 : 9-11)

وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ﴿٨﴾ وَالَّذِينَ هُمْ عَلَىٰ صَلَوَاتِهِمْ
يُحَافِظُونَ ﴿٩﴾ أُولَٰئِكَ هُمُ الْوَارِثُونَ ﴿١٠﴾ الَّذِينَ يَرِثُونَ
الْفِرْدَوْسَ هُمْ فِيهَا خَالِدُونَ ﴿١١﴾

« المؤمنون ٢٣ آية ، ٩-١١ »

നബി (സ.അ) പറഞ്ഞു :
' നമ്മളും (മുസ്‌ലിംകൾ) അവരും (അമുസ്‌ലിംകൾ) തമ്മിലുള്ള വ്യത്യാസം തന്നെ നമസ്കാരമാണ്. അതുപേക്ഷിക്കുന്നവൻ അവിശ്വാസിയായി.'

നമസ്കാരം കഴിഞ്ഞാൽ പിന്നെ സകാത്താണ് സുപ്രധാനമായ ബാധ്യത. അല്ലാഹു പറയുന്നു.

**"കീഴ്‌വണക്കം അല്ലാഹുവിന്ന് മാത്രമാക്കി ഋജു മനസ്കരായ നിലയിൽ അവനെ ആരാധിക്കാനും നമസ്കാരം മുറ പ്രകാരം നിലനിർത്താനുമല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം."** (വി.ഖു. 98 :5 )

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ
لَهُ الدِّينَ حُنَفَاءَ وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ ۚ وَذَٰلِكَ دِينُ
الْقَيِّمَةِ ﴿٥﴾ « البينة ٩٨ آية ، ٥ »

വീണ്ടും അല്ലാഹു ഉണർത്തുന്നു.

**"നിങ്ങൾ നമസ്കാരം മുറ പ്രകാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും (അല്ലാഹുവിൻെറ) ദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ കരുണ ചെയ്യപ്പെട്ടവരായേക്കും."** (വി.ഖു. 24 : 56)

وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَطِيعُوا الرَّسُولَ لَعَلَّكُمْ
تُرْحَمُونَ ﴿٥٦﴾ « النور ٢٤ آية ، ٥٦ »

സകാത്ത് നൽകാത്തവർക്ക് കഠിന ശിക്ഷ ഉണ്ടായിരിക്കുമെന്ന് വിശുദ്ധ ഖുർആനിലും പ്രവാചക വചനങ്ങളിലും വ്യക്തമായി അറിയിച്ചിട്ടുണ്ട്.

നമസ്കാരത്തിന്നും സകാത്തിന്നും ശേഷം ഏറ്റവും പ്രധാനപ്പെട്ടതാണ് റമളാനിലെ വ്രതാനുഷ്ഠാനം. ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നാണ് അതെന്ന് പ്രവാചക വചനത്തിലൂടെ വ്യക്തമായി അറിയിച്ചിട്ടുണ്ട്.

" അഞ്ച് സ്തംഭങ്ങളിന്മേലാണ് ഇസ്ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് (സ.അ) അല്ലാഹുവിൻെറ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക. നമസ്കാരം നില നിർത്തുക. സകാത്ത് നൽകുക. റമളാനിൽ വ്രതമനുഷ്ഠിക്കുക. കഅബയിൽ ചെന്ന് ഹജ്ജ് നിർവഹിക്കുക."

അല്ലാഹു നിഷിദ്ധമാക്കിയ പ്രവർത്തനങ്ങളിൽ നിന്നും വാക്കുകളിൽ നിന്നും നോമ്പിനേയും നമസ്കാരത്തേയും കാത്തുസൂക്ഷിക്കൽ ഒരു മുസ്ലിമിൻെറ കർത്തവ്യമാണ്. അല്ലാഹുവിന്ന് പൂർണ്ണമായി കീഴ്പെടുക, തൻെറ യജമാനനുള്ള വിധേയത്വ കാര്യങ്ങളിൽ തന്നിഷ്ടങ്ങൾക്കെതിരിൽ പടപൊരുതുക, അവൻെറ ആജ്ഞകളെ മാനിക്കുക, നിരോധിക്കപ്പെട്ട കാര്യങ്ങൾ ചെയ്യാതെ ക്ഷമ കൈകൊള്ളുന്നതിൽ പരിശീലനം നേടുക എന്നിവയെല്ലാം വ്രതാനുഷ്ഠാനത്തിൻെറ പ്രധാന ലക്ഷ്യങ്ങളിൽ പെടുന്നു. അന്നപാനീയങ്ങളും വ്രതത്തെ നിഷ്ഫലമാക്കുന്ന ബാഹ്യ കാരണങ്ങളും വെടിയൽ മാത്രമല്ലല്ലോ നോമ്പിൻെറ ലക്ഷ്യം.

നബി (സ.അ) പറയുന്നു. :
"വ്രതം (തിന്മകൾ തടുക്കുന്ന) ഒരു പരിചയാണ്. നിങ്ങളിലൊരുവൻ വ്രതത്തിലായാൽ ദുർവൃത്തികൾ ചെയ്യാതിരുന്നു കൊള്ളട്ടെ. ബഹളം വയ്ക്കാതിരിക്കട്ടെ. ആരെങ്കിലും കലഹത്തിന്ന് ഒരുങ്ങിയാൽ തന്നെ - നിന്നെ തെറി പറഞ്ഞാൽ - ഞാൻ നോമ്പാകാരനാണേ എന്നു പറഞ്ഞ് (മാറിപ്പോയി) കൊള്ളുക."

നബി (സ.അ) യിൽ നിന്ന് വീണ്ടും ഉദ്ധരിക്കുന്നു. :

" ഏതൊരാൾ വ്യാജ വാക്കുകളും ദുർവൃത്തികളും വിഡ്ഢിത്തം കാണിക്കലും (നോമ്പുകാരനായിട്ടും) ഉപേക്ഷിക്കുന്നില്ലയോ എങ്കിലവൻ അന്നപാനീയങ്ങൾ വെടിഞ്ഞത് അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഒരാവശ്യവുമില്ലാത്ത കാര്യമായിരിക്കും."

അപ്പോൾ മേൽ പ്രമാണങ്ങളിൽ നിന്ന് വ്രതാനുഷ്ഠാനത്തിൽ അല്ലാഹു നിർബന്ധമാക്കിയ മുഴുവൻ കാര്യങ്ങളും സൂക്ഷ്മമായി പ്രവർത്തിക്കണമെന്നും അവൻ നിരോധിച്ച എല്ലാ കാര്യങ്ങളും സംഭവിക്കുന്നതിൽ നിന്ന് കരുതലോടെയിരിക്കണമെന്നും ഗ്രഹിക്കാം. എങ്കിൽ മാത്രമേ അത്തരം വ്രതാനുഷ്ഠാനത്തിലൂടെ അല്ലാഹുവിങ്കൽ നിന്നുള്ള പാപ മോചനവും നരക രക്ഷയും സ്വീകാര്യതയും കരസ്ഥമാക്കാൻ കഴിയുകയുള്ളൂ.

## ജനങ്ങളിൽ ചിലർക്ക് അജ്ഞാതമായ കാര്യങ്ങൾ :

നോമ്പനുഷ്ഠാനം വിശ്വാസ ദൃഢതയോടെയും പ്രതിഫല കാംക്ഷയോടെയും ആയിരിക്കൽ നിർബന്ധമാണ്. പേരിനും പ്രകടനത്തിന്നും ആയിരിക്കരുത്. തന്റെ ആൾക്കാരും വീട്ടുകാരും നാട്ടുകാരും അനുഷ്ഠിക്കുന്നതിനാൽ ഞാനും എന്ന അനുകരണ രൂപത്തിലാകരുത്. മറിച്ച് അല്ലാഹു എന്നിൽ നിർബന്ധമാക്കിയതിനാലാണ് ഞാനിത് നിർവ്വഹിക്കുന്നത്, അവങ്കൽ നിന്ന് മാത്രമേ ഞാനിതിന്റെ പ്രതിഫലം പ്രതീക്ഷിക്കുന്നുള്ളൂ എന്ന നിലയിലായിരിക്കണം. അപ്രകാരം തന്നെ റമളാനിലെ രാത്രി നമസ്കാരത്തിന്റെ സ്ഥിതിയും.

നബി (സ.അ) പറഞ്ഞു:

"ഒരാൾ വിശ്വാസത്തോടെയും പ്രതിഫലാ ഗ്രഹത്തോടെയും റമളാനിലെ വ്രതമനുഷ്ഠിച്ചാൽ അവന്റെ മുൻ പാപങ്ങൾ പൊറുക്കപ്പെടും. ഒരാൾ വിശ്വാസത്തോടെയും പ്രതിഫല കാംക്ഷയോടെയും റമളാനിലെ രാത്രിയിൽ നമസ്കരിച്ചാൽ അവന്റെ മുൻ പാപങ്ങൾ പൊറുക്കപ്പെടും. ലൈലത്തുൽ ഖദ്റിൽ ഒരാൾ വിശ്വാസത്തോടെയും പ്രതിഫലേഛയോടെയും നമസ്കരിച്ചാൽ അവന്റെ മുൻ പാപങ്ങൾ പൊറുക്കപ്പെടും."

<u>ജനങ്ങളിൽ ചിലർക്ക് വിധി അവ്യക്തമായ മറ്റു ചില കാര്യങ്ങൾ</u>

നോമ്പുകാരന്റെ വ്രണങ്ങളിൽ നിന്ന് എന്തെങ്കിലും ഒലിച്ചു; മൂക്കിൽ നിന്ന് രക്തം വന്നു; അല്ലെങ്കിൽ ഛർദ്ദിയുണ്ടായി. അതുമല്ലെങ്കിൽ വെള്ളമോ പെട്രോൾ പോലെയുള്ള വസ്തുക്കളോ തന്റെ ശ്രമഫലമല്ലാതെ തൊണ്ടയിലെത്തിച്ചേർന്നു. ഇവ കൊണ്ടൊന്നും നോമ്പ് നിഷ്ഫലമാകുന്നതല്ല. എന്നാൽ കരുതിക്കൂട്ടി ഛർദ്ദി ഉണ്ടാക്കിയാൽ നോമ്പ് ദുർബല പ്പെടുന്നതാണ്.

നബി (സ.അ) പറഞ്ഞു. :
"ആർക്കെങ്കിലും സ്വാഭാവിക ഛർദ്ദിയുണ്ടായി. അവൻ പകരം നോമ്പ് അനുഷ്ഠിക്കേണ്ടതില്ല. ഒരാൾ മന:പൂർവ്വം ഛർദ്ദിയുണ്ടാക്കി. എങ്കിലവൻ പകരം നോമ്പ് അനുഷ്ഠിക്കേണ്ടതാണ്."

അപ്രകാരം തന്നെ, പ്രഭാതോദയം (ഫജ്ർ) വരെ നിർബന്ധ (ജനാബത്ത്) കുളി പിന്തിപ്പിച്ചാൽ നോമ്പ് ദുർബലമാകുന്നതല്ല. സ്ത്രീകൾ ആർത്തവ ശുദ്ധിയുടെ കുളിയോ പ്രസവാനന്തര ശുദ്ധീകരണ കുളിയോ പ്രഭാതോദയത്തിന്നു ശേഷത്തേക്ക് പിന്തിപ്പിച്ചാലും നോമ്പിനെ അത് ബാധിക്കുന്നതല്ല. അവർ പ്രഭാതത്തിന്ന് മുൻപ് (രക്തം നിലച്ച്) ശുദ്ധി അനുഭവിച്ചാൽ അന്നു മുതൽ നോമ്പ് ആരംഭിക്കേണ്ടതാണ്.

കുളി പ്രഭാതത്തിന്നു ശേഷത്തേക്ക് പിന്തിപ്പിച്ചു എന്നതിനാൽ നോമ്പിന്ന് അപകടമില്ല. എന്നാൽ സൂര്യോദയം വരെ പിന്തിപ്പിക്കാതെ വേഗത്തിൽ കുളിക്കുകയും ഫജ്ർ (സുബ്ഹ്) നമസ്കാരം നിർവ്വഹിക്കുകയുമാണ് വേണ്ടത്.

അപ്രകാരം തന്നെയാണ് ജനാബത്തുകാരായ പുരുഷന്മാരും ചെയ്യേണ്ടത്. അവർ ഫജ്ർ നമസ്കാരത്തിന്ന് ജമാഅത്തിൽ പങ്കെടുക്കാനായി കഴിയുന്നത്ര വേഗത്തിൽ കുളിച്ച് പള്ളിയിലേക്ക് പോകൽ അവരുടെ ബാധ്യതയാകുന്നു എന്നു പ്രത്യേകം ഉണർത്തട്ടെ.

## നോമ്പിനെ നിഷ്ഫലമാക്കാത്ത മറ്റു ചില കാര്യങ്ങൾ :

രക്തപരിശോധനക്കായി രക്തം കുത്തിയെടുക്കുന്നതു കൊണ്ടോ ഭക്ഷണാവശ്യത്തിന്നായുള്ള (ക്ഷീണം തീർത്തു ഉണർവ്വുണ്ടാക്കുന്ന) ഗ്ലൂക്കോസ് കുത്തിവെപ്പ് ഒഴികെയുള്ള ഇഞ്ചക്ഷനുകൾ എടുക്കുന്നതു കൊണ്ടോ നോമ്പ് ദുർബലമാകുന്നതല്ല. എന്നാലും കഴിയുമെങ്കിൽ ഇവ രാത്രികളിലേക്ക് മാറ്റി വെക്കലാണുത്തമം. അനിവാര്യമാണെങ്കിലേ പകലിൽ ചെയ്യാവു.

പ്രവാചകൻ (സ.അ) ഇപ്രകാരം പ്രസ്താവിക്കുന്നുണ്ട്:
"സംശയമുള്ളത് ഒഴിവാക്കി നിസ്സംശയമായത് സ്വീകരിക്കുക".

" ആർ സംശയമുള്ള (ഹലാലോ ഹറാമോ എന്ന് ഖണ്ഡിതമല്ലാത്ത) കാര്യങ്ങൾ സൂക്ഷ്മതക്കു വേണ്ടി ഉപേക്ഷിക്കുന്നുവോ അവൻെറ മതവും അഭിമാനവും അവൻ കാത്തിരിക്കുന്നു".

<u>ചിലർക്ക് വിധി അജ്ഞാതമായ കാര്യങ്ങളിൽ പെട്ടതാണ് താഴെ വിവരിക്കുന്നവ :-</u>

ഫർള് നമസ്കാരങ്ങളിലും സുന്നത്ത് നമസ്കാരങ്ങളിലും സാവകാശം കൈകൊള്ളാത്ത പ്രവണത. നമസ്കാരത്തിൻെറ റുകുനുകളിൽ പെട്ടതാണ് അതിലെ എല്ലാ ചലനങ്ങളിലുമുള്ള സാവകാശം (ത്വമഅ്നീന:) സ്വീകരിക്കൽ എന്ന കാര്യം പ്രവാചക വചനങ്ങളിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. ഇതില്ലാതെ നമസ്കാരം തന്നെ ശരിയാവുകയില്ല. നമസ്കാരത്തിലെ അച്ചടക്കവും ഭക്തിയുമാണത്. ധൃതിപ്പെടാതെ ഓരോ ചലനവും പൂർണ്ണവും ശാന്തവുമായി നിർവ്വഹിച്ചിരിക്കണം.

റമളാനിൽ വളരെപേർ 'തറാവീഹ്' നമസ്കാരത്തിൽ ഇക്കാര്യം ഗൗനിക്കുന്നതായി കാണുന്നില്ല. കോഴി കൊത്തുന്ന പോലെ അവർ കൊത്തിപ്പെറുക്കുകയാണ്. ഈ രൂപത്തിലുള്ള നമസ്കാരം സ്വീകാര്യമല്ല. അങ്ങിനെ ചെയ്യുന്നവർക്ക് പ്രതിഫലം കിട്ടുന്നതിന്നു പകരം ശിക്ഷയായിരിക്കും ലഭിക്കുക.

താഴെ പറയും പ്രകാരവും ചിലർ ധരിച്ചിരിക്കുന്നു :

തറാവീഹ് നമസ്കാരം ഇരുപത് റക്അത്തിലെങ്ങാനും കുറഞ്ഞു പോയാൽ ആ നമസ്കാരം ശരിയാവുകയില്ല എന്ന്. മറ്റു ചിലരാകട്ടെ പതിനൊന്നിലോ പതിമൂന്നിലോ കൂടിപ്പോയാൽ അത് വലിയ

തെറ്റാണെന്നും ധരിച്ചിരിക്കുന്നു. ഈ രണ്ടു ധാരണകളും ശരിയല്ല. തെളിവുകൾക്ക് അത് എതിരുമാണ്.

ഏറ്റവും കുറ്റമറ്റ ഹദീസുകളിൽ നബി (സ.അ) യിൽ നിന്ന് ഇവ രണ്ടും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. രാത്രിയിലെ സുന്നത്ത് നമസ്കാരത്തിന്റെ കാര്യത്തിൽ കുറേക്കൂടി വിശാലതയാണുള്ളതെന്ന് ഗ്രഹിക്കുക. അലംഘനീയമായ ഒരു പരിധി അതിന്ന് നബി (സ.അ) കർശനമായി നിർണ്ണയിച്ചിട്ടില്ല. എന്നാൽ നബി (സ.അ) യിൽ നിന്നുള്ള ഏറ്റവും വ്യക്തമായ ഹദീസുകളിൽ കാണുന്നത്, അവിടുന്ന് നമസ്കരിച്ചത് പതിനൊന്ന് റക്അത്തായിരുന്നു എന്നാണ്. ചിലപ്പോൾ പതിമൂന്നും. മറ്റു ചിലപ്പോൾ അതിനേക്കാൾ കുറച്ചും -റമളാനിലും അല്ലാത്തപ്പോഴും- അവിടുന്നു നമസ്കരിച്ചിട്ടുണ്ട്.

നബി (സ.അ) യോട് രാത്രിയിലെ നമസ്കാരത്തെ കുറിച്ച് അന്വേഷിച്ചപ്പോൾ അവിടുന്ന് ഒരിക്കൽ പറഞ്ഞു :
"ഈരണ്ട് ഈരണ്ടായി നമസ്കരിക്കുക. നിങ്ങളിലാരെങ്കിലും സുബ്ഹ് ആകുന്നുണ്ടെന്ന് ഭയപ്പെട്ടാൽ ഒരു റക്അത്ത് നമസ്കരിച്ച് വിത്ർ ചെയ്യുക. (ബുഖാരി , മുസ്ലിം)

അപ്പോൾ ഇത്ര മാത്രമേ പാടുള്ളൂ എന്ന് - അത് റമളാനിലോ അല്ലാത്തപ്പോഴോ-അവിടുന്ന് കർശനമായി നിർണ്ണയിച്ചിട്ടില്ല. അതു കൊണ്ടായിരുന്നു സ്വഹാബികൾ ഉമർ (റ.അ) ന്റെ കാലത്ത് 23 ഉം ചിലപ്പോൾ 11 ഉം ഒക്കെയായി നമസ്കരിക്കുവാൻ ഇടയായത്. ഇവയെല്ലാം ഉമർ (റ.അ) ന്റെ കാലത്ത് ഉണ്ടായിട്ടുണ്ടെന്ന് സ്ഥിരപ്പെട്ട ഹദീസുകളിൽ വന്നിട്ടുമുണ്ട്.

സലഫികളിൽ (ഉത്തമ നൂറ്റാണ്ടിലെ സച്ചരിതരായ മുൻഗാമികൾ) ചിലർ റമളാനിൽ 36 ഉം ശേഷം 3 റക്അത്ത് വിത്റും നമസ്കരിച്ചിരുന്നു. മറ്റു ചിലർ 41 റക്അത്ത് നിർവ്വഹിച്ചിരുന്നുവത്രെ. ഇതെല്ലാം മഹാനായ ഇമാം ഇബ്നു തൈമിയ (റ.അ) യും മറ്റു പണ്ഡിതന്മാരും ഉദ്ധരിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ അൽപം വിശാലതയുണ്ടെന്ന് മനസ്സിലാക്കാമല്ലോ.

എന്നാൽ ഈ നമസ്കാരത്തിലെ സുജൂദുകളും റുകൂഉകളും ഖുർആൻ പാരായണവുമെല്ലാം വളരെ സുദീർഘമായിട്ടായിരുന്നു അവർ നിർവ്വഹിച്ചിരുന്നത്. അതിലാണ് നാമും ശ്രദ്ധ ചെലുത്തേണ്ടത്. എണ്ണം കുറഞ്ഞാലും മേന്മ കിടയറ്റതായിരിക്കണം. പാരായണവും റുകൂഉം സുജൂദുകളും പേരിന്നു മാത്രമാക്കി എണ്ണം പെരുപ്പിച്ചത് കൊണ്ട് യാതൊരു ഫലവുമില്ല എന്നും ഇബ്നു തൈമിയ്യ (റ.അ) വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

നബി (സ.അ) യുടെ ഇക്കാര്യത്തിലെ ചര്യ എങ്ങനെയെന്ന് സൂക്ഷ്മ പഠനം നടത്തുന്നവർക്ക് വളരെ വ്യക്തമായി മനഃസ്സിലാക്കാം, അദ്ദേഹം പതിനൊന്നോ അല്ലെങ്കിൽ പതിമൂന്നോ മാത്രമായിരുന്നു റമളാനിലും അല്ലാത്തപ്പോഴും രാത്രിയിൽ നമസ്കരിച്ചതെന്ന്. അവിടുത്തെ പ്രവർത്തനങ്ങൾ അധിക സന്ദർഭങ്ങളിലും അപ്രകാരമായിരുന്നതിനാൽ അതാണ് നാമും സ്വീകരിക്കേണ്ടത്. അതു തന്നെയാണ് ശ്രേഷ്ഠമായതും.

നമസ്കരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഭക്ത്യാദരപൂർവ്വം അത് നിർവ്വഹിക്കുക എന്നതാണ് പ്രധാനം. റക്അത്തുകളുടെ എണ്ണം വർദ്ധിപ്പിച്ചു എന്നതോ കുറച്ചു എന്നതോ അപകടകരമായ കാര്യമല്ല. പള്ളിയിൽ ഇമാമിനോടൊപ്പം ജമാഅത്തായി നിർവ്വഹിക്കുകയും ഇമാം പിരിയുമ്പോൾ പിരിഞ്ഞു പോകുകയും ചെയ്യലാണ് ഉത്തമമായിട്ടുള്ളത്.

നബി (സ.അ) പറഞ്ഞു.

" ഇമാം പിരിഞ്ഞു പോകുവോളം ഒരാൾ ജമാഅത്തായി നമസ്കരിച്ചാൽ ആരാത്രി മുഴുവൻ നമസ്കരിച്ച പ്രതിഫലം അവന്നു ലഭിക്കുന്നതാണ്."

ഈ ഉൽകൃഷ്ഠ മാസത്തിലെ എല്ലാ ആരാധനാ കർമ്മങ്ങളിലും ത്യാഗ മനസ്ഥിതി എല്ലാ മുസ്ലിംകൾക്കും ഉണ്ടായിരിക്കേണ്ടതാണ്. സുന്നത്തു നമസ്കാരങ്ങൾ നിർവ്വഹിക്കുക. ചിന്തയോടെ ഖുർആൻ പാരായണം നടത്തുക. തസ്ബീഹുകൾ (സുബ്ഹാനല്ലാ), തഹ്ലീലുകൾ (ലാഇലാഹ ഇല്ലല്ലാഹ്), തഹ്മീദുകൾ (അൽ ഹംദുലില്ലാഹ്), തക്ബിറുകൾ (അല്ലാഹു അക്ബർ), പാപ മോചന പ്രാർത്ഥനകൾ (ഇസ്തിഗ്ഫാർ) എന്നിവ വർദ്ധിപ്പിക്കുക.

നന്മ കൽപിക്കുക. തിന്മ നിരോധിക്കുക. ദൈവ മതത്തിലേക്ക് പ്രബോധനം ചെയ്യുക. പാവങ്ങളേയും അഗതികളേയും സഹായിക്കുക. മാതാപിതാക്കൾക്കും മറ്റും ഏറെ നന്മ ചെയ്തു കൊടുക്കുക. കുടുംബ ബന്ധം ചേർക്കുക. അയൽവാസികളെ ആദരിക്കുക. രോഗികളെ സന്ദർശിക്കുകയും അവർക്ക് ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യുക. ഇങ്ങനെ നന്മയുറ്റ എല്ലാ കാര്യങ്ങളിലും ശുഷ്കാന്തിയും വർദ്ധിച്ച താൽപര്യവും കാണിക്കാൻ ഈ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.
നബി (സ.അ) യുടെ നേരത്തെ ഉദ്ധരിച്ച ഹദീസ് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കട്ടെ.

" നന്മക്കു വേണ്ടിയുള്ള നിങ്ങളുടെ മൽസരത്തിലേക്ക് അല്ലാഹുവിൻെറ തിരുനോട്ടമുണ്ടാകും. എന്നിട്ടവൻ മലക്കുകളോട് അഭിമാനം കൊള്ളും. പിന്നീട് നിങ്ങൾക്ക് ലഭിക്കാനിരിക്കുന്ന സ്ഥാനമാനങ്ങൾ അവർക്ക് കാട്ടിക്കൊടുക്കും. അപ്പോൾ

യഥാർത്ഥ ദൗർഭാഗ്യവാൻ ആ മാസത്തിലെ ദൈവ കാരുണ്യം നിഷേധിക്കപ്പെട്ടുപോയവനായിരിക്കും."

നബി (സ.അ) അരുളുന്നു :
"റമളാൻ മാസത്തിൽ ഒരാൾ ഐഛികമായ (സുന്നത്തായ) ഒരു കാര്യം ചെയ്താൽ മറ്റു കാലങ്ങളിൽ ഒരു 'ഫർള്' (നിർബന്ധകാര്യം) നിർവ്വഹിച്ചതിന്നു തുല്യമായിരിക്കും. ഒരു ഫർള് നിർവ്വഹിച്ചവന്ന്, മറ്റു കാലങ്ങളിൽ 70 ഫർളുകൾ ചെയ്താലുള്ള പ്രതിഫലം ലഭിക്കുന്നതാണ്."

"റമളാനിൽ നിർവ്വഹിക്കുന്ന ഉംറ കർമ്മത്തിന്ന് ഒരു ഹജ്ജ് (മറ്റൊരു റിപ്പോർട്ടിൽ - എന്റെ കൂടെ) ചെയ്ത പ്രതിഫലം ഉണ്ടായിരിക്കും എന്നും നബി (സ.അ) പറഞ്ഞിരിക്കുന്നു."

ഇപ്രകാരം റമളാനിൽ നന്മയിൽ അഹമഹിമയാ മുന്നേറുന്നതിനെ പ്രോൽസാഹിപ്പിക്കുന്ന നിരവധി നബി വചനങ്ങൾ വന്നിട്ടുണ്ട്.

അല്ലാഹു തൃപ്തിപ്പെട്ട കർമ്മങ്ങൾ ചെയ്ത് റമളാനിനെ പൂർണ്ണമായി ഫലവത്താക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാ ആപത്തുകളിൽ നിന്നും നമ്മെ കാത്തു രക്ഷിക്കുകയും നമ്മുടെ നോമ്പും നമസ്കാരവും അവൻ സ്വീകരിക്കുകയും ചെയ്യട്ടെ. നമ്മുടെ സ്ഥിതിഗതികൾ നന്നാക്കിത്തീർത്ത് അതിന്ന് മതിയായ പ്രതിഫലം നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. മുസ്ലിം നേതൃത്വത്തെ അല്ലാഹു നന്നാക്കിത്തീർക്കട്ടെ. അവരെ അല്ലാഹു സത്യത്തിൽ അടിയുറപ്പിച്ചു നിർത്തട്ടെ. അവൻ എല്ലാറ്റിന്നും കഴിവുറ്റവനല്ലോ. അല്ലാഹുവിന്റെ കരുണാ കടാക്ഷങ്ങൾ നിങ്ങളിലുണ്ടാകട്ടെ.

++++++====================++++++

അബ്ദുൽ അസീസ് ബിൻ ബാസ്
ചെയർമാൻ, ദാറുൽ ഇഫ്താ

# رسالتان موجزتان
# في
# الزكاة والصيام

تأليف
سماحة الشيخ/ عبد العزيز بن عبد الله بن باز
ترجمه للمليبارية
كوياكوتي فاروقي

# رسالتان موجزتان
# في الزكاة والصيام

تأليف

سماحة الشيخ/ عبد العزيز بن عبد الله بن باز

( رحمه الله ورفع درجاته في عليين )

ترجمة : كويا كوتي فاروقي

( باللغة المليبارية )

سنة الطبع ١٤٢١هـ

مطبعة النرجس- ت: ٢٣١٦٦٥٢ ف: ٢٣١٦٨٦٦

طبعت على نفقة أحد المحسنين غفر الله له ولوالديه ولجميع المسلمين

المكتب التعاوني للدعوة والإرشاد وتوعية الجاليات بالبديعة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المملكة العربية السعودية ص.ب ٢٤٩٣٢ الرياض ١١٤٥٦ - ت: ٤٣٣٠٨٨٨ فاكس ٤٣٠١١٢٢